പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

24.02.2016 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3097

**മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ മേരി തോമസിന്റെ അപേക്ഷ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ബഹു. മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ സ്ഥിരതാമസക്കാരി യായ മേരി തോമസ്, പുത്തൻ വീട്ടിൽ, കോവല്ലൂർ P.O. എന്ന വ്യക്തി, ഐ.എ.വൈ (IAY) പദ്ധതിയിൽ അനുവദിച്ച തുകയുടെ 3-ാം ഗഡു ലഭ്യമാക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | (എ) & (ബി) | ശ്രീമതി. മേരി തോമസ്, പുത്തൻവീട്ടിൽ, കോവല്ലൂർ പി.ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ആലപ്പുഴ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ, ഗ്രാമ വികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരെ പ്രത്യേകം പ്രത്യേകമായി നിയോഗിച്ച് മൂന്നു പ്രാവശ്യം അന്വേഷണം നടത്തുകയും ടി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയായ ശ്രീമതി. മേരി തോമസിന് മറുപടി നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പരാതിക്കാരിയുടെ അപേക്ഷ യിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | | |
| (സി) | പ്രസ്തുത വ്യക്തിക്ക് ഐ.എ.വൈ( IAY) പദ്ധതിയുടെ 3-ാം ഗഡു നൽകാത്ത തിന്റെ കാരണം വിശദമാക്കുമോ? | (സി) | ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ 2013-14 ലെ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി. മേരി തോമസ് ഐ.എ.വൈ. പദ്ധതി പ്രകാരം 1,60,000/- രൂപ കൈപ്പറ്റി വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് നിർമ്മിച്ച വീടിന്റെ വിസ്തീർണ്ണം 1053 sqf (98.04 $m^2$) ആണ്. 2013-14 വർഷത്തിലെ ഐ.എ.വൈ. വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 82.5 $m^2$ ആയാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 82.5 $m^2$ പരിധിയ്ക്കകത്തുള്ള വീട് നിർമ്മിക്കുന്നതിന് ടി |

| | | | |
|---|---|---|---|
| | | | ഗുണഭോക്താവ് ബാധ്യസ്ഥനാണ്. എന്നാൽ ശ്രീമതി. മേരി തോമസ് നിർമ്മിച്ചിരിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി തറ വിസ്തീർണ്ണമായ 82.5 $m^2$ നും മുകളിലായതിനാലാണ് ടി ഗുണഭോക്താവിന് തുടർഗഡു ധനസഹായം അനുവദിക്കാതിരുന്നത്. ടി വിവരം ശ്രീമതി. മേരി തോമസിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ